## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 13.09.2023 മുതൽ 17.09.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 37/2023, (73) ചൊവ്വാഴ്ച | തീയ്യതി 12/09/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 സെപ്റ്റംബർ 06 മുതൽ സെപ്റ്റംബർ 12 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (സെപ്റ്റംബർ 13 മുതൽ സെപ്റ്റംബർ 17 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 06/09 | 07/09 | 08/09 | 09/09 | 10/09 | 11/09 | 12/09 | തീയ്യതി | 13/09 | 14/09 | 15/09 | 16/09 | 17/09 |
| 8.5 | 42.0 | 32.6 | 16.0 | 17.8 | 24.4 | 7.0 | മഴ (മില്ലീമീറ്റർ) | 8 | 4 | 3 | 4 | 5 |
| 31.0 | 30.2 | 29.4 | 29.7 | 29.6 | 30.8 | 31.0 | ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| 23.4 | 23.1 | 23.2 | 24.1 | 23.4 | 23.5 | 23.4 | കുറഞ്ഞ താപനില (°C) | 24 | 25 | 25 | 25 | 25 |
| Cloudy | Overcast | Partially cloudy | Overcast | Overcast | Cloudy | Cloudy | AM മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Overcast |
| Overcast | Overcast | Overcast | Overcast | Cloudy | Cloudy | | PM | | | | | |
| 96 | 99 | 97 | 97 | 98 | 96 | 95 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 94 | 96 | 92 | 96 |
| 84 | 78 | 89 | 75 | 70 | 71 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 75 | 78 | 82 |
| 1.5 | 1.6 | 1.2 | 1.5 | 1.4 | 1.9 | 1.4 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 3 | 3 | 3 | 3 |
| C | C | C | C | C | C | C | AM കാറ്റിന്റെ ദിശ (ഡിഗ്രി ) | WNW | W | WNW | WSW | W |
| WSW | S | C | SW | SW | WSW | | PM | | | | | |
| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | | | | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | |
| 148.3 | | | | 1307.8 | | | | 1174.4 | | | | |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലിന് സാധ്യതയുണ്ട്.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (കതിർ പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും. |
| വാഴ | - | വാഴക്കന്ന് നടുന്നതിനു മുൻപ് കന്നിന്റെ അടിഭാഗത്തിനു ചുറ്റും ചെത്തി വൃത്തിയാക്കി, ചാണകലായനിയും, ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്നുനാലു ദിവസം വെയിലത്ത് വെച്ചുണക്കി നടുക. കൂടാതെ വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടുകൊടുക്കുന്നതു നല്ലതാണ്. |
| മഞ്ഞൾ | ഇലകരിച്ചിൽ | മഴക്കാലത്ത് അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം രോഗങ്ങൾക്ക് സാധ്യതയുണ്ട്. മുൻകരുതലായി രണ്ട് മില്ലി ഹെക്സാകൊണാസോൾ, ഒരു മില്ലി പ്രൊപ്പികൊണാസോൾ, രണ്ട് ഗ്രാം സാഫ്, രണ്ടര ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ്, രണ്ട് ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ്, ഒരു ഗ്രാം കാർബെൻഡാസിം എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. രോഗത്തിന്റെ തീവ്രത അനുസരിച്ചു രണ്ടാഴ്ച്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ് . പൂർണ്ണമായും രോഗം ബാധിച്ച ചെടികൾ പിഴുത് നശിപ്പിക്കുക. |

മൃഗസംരക്ഷണം:- ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ ജാഗ്രത പുലർത്തുക. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടനടി വെറ്റിനറി ഡോക്ടറുടെ സഹായം തേടുക. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക.
(CAADECCS KVASU, Mannuthy).